കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി ആരംഭിച്ചതും പല ഘട്ടങ്ങളിലായി നിർമ്മാണം നടന്നുവരുന്നതുമായ Solar/Wind പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. പതിനായിരം ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പദ്ധതിയിൽ 8500-ന് മുകളിലുള്ള പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചുവരുന്നു. 15 മെഗാവാട്ട് ഗ്രിഡ് ബന്ധിത റൂഫ്ടോപ്പ് പദ്ധതിയിൽ പവർ പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് ആരംഭിച്ച യൂട്ടിലിറ്റി വിഭാഗത്തിൽ വരുന്ന 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് നിർമ്മാണവും പുരോഗമിച്ചുവരുന്നു.

സർക്കാർ സ്ഥാപനങ്ങളിലെ സൗരോർജ്ജ പ്ലാന്റുകൾ

53(2091) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ വിഷയത്തിൽ ജയിൽ വകുപ്പ് സ്വീകരിച്ച നടപടികൾമൂലം എത്ര കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമായ അളവിൽ കെട്ടിടവും സ്ഥലവുമുണ്ടെങ്കിൽ അവിടെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&സി) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സ്ഥാപനങ്ങളിൽനിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അനെർട്ടിന്റെ മേൽനോട്ടത്തിൽ വിശദമായ പഠനം നടത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന 10000 സൗരഗ്രഹ പദ്ധതിയിലും സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിലും സർക്കാർ സ്ഥാപനങ്ങൾക്കും അപേക്ഷിച്ച് സബ്സിഡിയോടുകൂടി പവർപ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. കൂടാതെ അനെർട്ടിന്റെ ഡെപ്പോസിറ്റ് സ്കീമുകളിൽ ഉൾപ്പെടുത്തിയും പ്രതിഷ്ഠാപനം നടത്താവുന്നതാണ്. ഇതിന്മേൽ അതാത് വകുപ്പുകളാണ് നടപടി സ്വീകരിക്കേണ്ടത്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly